**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193** **13-12-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ഊർജ്ജോല്പാദന മേഖലയിൽ ജലവൈദ്യുത പദ്ധതികളുടെ പ്രാധാന്യം കണക്കിലെടുത്ത് പരിസ്ഥിതി സൗഹൃദവും അനുയോജ്യവുമായ ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഊർജ്ജോത്പാദന മേഖലയിൽ ജലവൈദ്യുത പദ്ധതികൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. കേരളത്തിൽ ജലവൈദ്യുത പദ്ധതികളെ കൂടുതൽ പ്രോൽസാഹിപ്പിക്കുന്നുണ്ട്.<br><br>ചെറുകിട ജല വൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അനുയോജ്യവുമായ വിവിധ ചെറുകിട ജല വൈദ്യുത പദ്ധതികൾ വൈദ്യുത ബോർഡ് നടപ്പിലാക്കി വരുന്നു. നിലവിൽ ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24 MW/ 83.5 Mu), ചിന്നാർ (24 MW/ 76.45 Mu), പെരുവണ്ണാമൂഴി (6MW/24.70 Mu), പഴശ്ശി സാഗർ ചെറുകിട ജലവൈദ്യുത പദ്ധതി (7.5 MW/ 25.16 Mu), ഒലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (5 MW / 10.26 Mu) പൂവാറംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3 MW / 5.88 Mu) എന്നീ 6 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ, മരിപ്പുഴ (6 MW / 14.84), അപ്പർ ചെങ്കുളം (24 MW / 53.22 Mu), പൊരിങ്ങൽകുത്ത് സ്റ്റേജ് II (24 MW/53.85 Mu) എന്നീ 3 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ തന്നെ ആരംഭിക്കാൻ കഴിയു മെന്ന് പ്രതീക്ഷിക്കുന്നു. 49.5 MW (124.88 Mu) സ്ഥാപിത ശേഷിയുള്ള 8 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ള അനുബന്ധ പ്രവർത്തനങ്ങൾ നടന്നു വരുന്നു<br><br>.സംസ്ഥാനത്തെ വൈദ്യുത ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന് വേണ്ടി പുതിയ ചെറുകിട ജലവൈദ്യുത പദ്ധതി കൾക്കുള്ള ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും, ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ പരീക്ഷിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. മാത്രമല്ല കൂടുതൽ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പി ക്കുന്നതിനു ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | ചെറുകിട ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിൽ സംസ്ഥാനത്തിന്റെ സാധ്യതയും സംസ്ഥാനം നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വിവിധ ചെറുകിട പദ്ധതികളുടെ നിർമ്മാണവും പുതിയ പദ്ധതികളുടെ സാദ്ധ്യതാ പഠനവും നടത്തി വരുന്നു. നിലവിൽ 6 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കൂടാതെ 3 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ തന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിരവധി ചെറുകിട പദ്ധതികളുടെ സാദ്ധ്യത – പരിവേഷണ പഠനങ്ങളും നടന്നു വരുന്നു.കേരളത്തിൽ നടപ്പിലാക്കി വരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പുരോഗതി **അനുബന്ധമായി** ചേർത്തി രിക്കുന്നു.<br><br>ചെറുകിട ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിൽ പ്രവർത്തന പുരോഗതി വരുത്തുന്നതിലേക്കായി ചെറുകിട ജല വൈദ്യുതി നയം 2012ന് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സർക്കാർ മുൻകൈ എടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുതിയ ചെറുകിട ജലവൈദ്യുതി നയം ഇ.എം.സി തയ്യാറാക്കി സർക്കാരിന്റെ പരിഗണയിൽ കൊണ്ടുവരുന്നതാണ്. |
| (സി) | ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് മുൻകാലങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ലഭിച്ചിരുന്നോ; ഈ സഹായം നിലവിൽ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ ഇത് പുനഃസ്ഥാപിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ചെറുകിട ജല വൈദ്യുത പദ്ധതികൾക്ക് മുൻകാലങ്ങളിൽ കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിരുന്നു. ഈ സഹായം നിലവിൽ നിർത്തി വച്ചിരിക്കുകയാണ്. ഇത് പുനസ്ഥാപിക്കണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കേന്ദ്ര ഊർജ്ജ മന്ത്രിയെ സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി നേരിട്ട് കാണുകയും ഈ വിഷയം നേരിൽ ധരിപ്പിക്കുകയും ചെയ്തിരുന്നു. അതിനോടൊപ്പം കേരളത്തിൽ നിന്നും തിരഞ്ഞെടുത്ത എം.പിമാരും ഈ വിഷയം പാർലമെന്റിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ SPV രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട വകുപ്പ്തല ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. **പെരുവണ്ണാമൂഴി (2x3 MW)**

സിവിൽ ജോലികൾ M/s.TVPPL-KSK-SSEV Pvt.Ltd കൺസോർഷ്യത്തിന് 49.02 കോടി രൂപയ്ക്കാണ് നല്കിയിട്ടുള്ളത്. സിവിൽ ജോലികളുടെ 93% പണി പൂർത്തിയായിട്ടുണ്ട്.

25.01.2021 ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s.Kirloskar Brothers Ltd. എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 മാർച്ച് മാസം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പുരോഗതി 15.8%.വും ഫിനാൻഷ്യൽ പുരോഗതി - 5.74% ആകുന്നു.

2. **പഴശ്ശിസാഗർ (3x2.5 MW)**

സിവിൽ ജോലികൾക്ക് ആർ.എസ് ഡെവലപ്പ്മെന്റ് & കൺസ്ട്രക്ഷൻ കമ്പനിയുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. സിവിൽ ജോലികളുടെ 35.84% പൂർത്തിയായിട്ടുണ്ട്.

25.01.2021 ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s. Kirloskar Brothers Ltd. എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പുരോഗതി 0.5%. ആണ്

3. **ഭൂതത്താൻകെട്ട് (3x8 MW)**

സിവിൽ ജോലികളുടെ 99.7% പൂർത്തീകരിച്ചിട്ടുണ്ട്. കരാർ നൽകിയിരിക്കുന്നത് ശ്രീ ശരവണ എഞ്ചിനീയറിംഗ് ഭവാനി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ്.

ചൈനയിൽ നിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ തുക കോൺട്രാക്ടർക്ക് കൊടുക്കുന്നതിനായിട്ടുള്ള ഒരു ത്രികക്ഷി കരാർ KSEBL, M/s.SSEB & M/s. Hunan ഒപ്പിട്ടു. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പുരോഗതി 86.61%. ഫിനാൻഷ്യൽ പുരോഗതി - 70.68% വും ആകുന്നു.

4. **ചിന്നാർ SHEP (2x12 MW) Phase II**

പ്രസ്തുത പദ്ധതിയുടെ (സിവിൽ & ഇലക്ട്രോ മെക്കാനിക്കൽ) പ്രവൃത്തികളുടെ കോൺട്രാക്ട് M/s.PGCCPL-Aryacon-Flovel Consortium ത്തിന് 116.65 കോടിക്ക് 09.06.2022 ൽ നൽകി. 22.07.2022-ൽ പണികൾ ആരംഭിച്ചിട്ടുണ്ട്.

5. **ഒലിക്കൽ (2x2.5 MW) & പൂവാരംതോട് (2x1.5 MW)**

ഈ രണ്ട് ചെറുകിട ജല വൈദ്യുത പദ്ധതികളുടെയും കരാർ M/s.PGCCPL-Aryacon-കൺസോർഷ്യത്തിന് നല്കിയിട്ടുണ്ട്. 19.07.2022-ൽ പണികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുടെ ടെൻഡർ 25.05.2022 ന് ക്ഷണിച്ചു. ടെൻഡർ ഇവാല്വേഷൻ പുരോഗമിക്കുന്നു.